# Frequently asked questions on cattle feed

1. ഒരു സാധാരണ പശുവിന് എത്ര കാലിത്തീറ്റ നൽകണം?

ഒരു സാധാരണ പശുവിന് പാലുൽപാദനത്തിന് ഒരു ലിറ്ററിന് 400 ഗ്രാം കാലിത്തീറ്റയും, നിലനിൽപ്പിനായി പ്രതിദിനം 1 1/2 മുതൽ 2 കിലോ കാലിത്തീറ്റയും നൽകണം. ഗർഭിണികളായ പശുക്കൾക്ക് 7–ാമതു മാസം മുതൽ കുട്ടിയുടെ വളർച്ചയ്ക്കും പശുവിന്റെ ആരോഗ്യത്തിനുമായി 1 കിലോഗ്രാം മുതൽ 2 കിലോഗ്രാം വരെ (7–ാം മാസം 1 കിലോഗ്രാം, 8–ാം മാസം 1 1/2 കിലോഗ്രാം, 9–ാം മാസം 2 കിലോഗ്രാം) കാലിത്തീറ്റ അധികമായി നൽകണം.

കറവയുള്ളപ്പോൾ ലഭിക്കുന്ന ഓരോ ലിറ്റർ പാലിനും (പശുക്കുട്ടി കുടിക്കുന്ന 2 ലിറ്ററോളം പാലുൾപ്പെടെ) 400 ഗ്രാം കാലിത്തീറ്റ നൽകണം.

2. കാലിത്തീറ്റയ്ക്കു പുറമെ മറ്റു പിണ്ണാക്കുകൾ നൽകേണ്ടതുണ്ടോ?

വിവിധയിനം പിണ്ണാക്കുകൾ ചേർത്ത് ഉൽപാദിപ്പിക്കുന്ന സമീകൃത ആഹാരമാണ് മിൽമ കാലിത്തീറ്റ. ആയതിനാൽ മറ്റുള്ള പദാർത്ഥങ്ങൾ ഒന്നും നൽകേണ്ടതില്ല.

3. ധാതുലവണ മിശ്രിതം കന്നുകാലികൾക്ക് കൊടുക്കേണ്ടതുണ്ടോ?

കന്നുകാലികൾക്ക് പ്രതിദിനം 50 ഗ്രാം മുതൽ 100 ഗ്രാം വരെ ധാതുലവണ മിശ്രിതം 'മിൽമാമിൻ' നൽകേണ്ടതാണ്. കിടാവിന് 25 ഗ്രാമും പാലിന്റെ അളവും കൊഴുപ്പും വർദ്ധിപ്പിക്കുവാനും, വളർച്ചയെ ത്വരിതപ്പെടുത്തുവാനും, പ്രത്യുൽപാദന തകരാറുകളിൽ നിന്നും മോചനം നൽകുവാനും രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാനും ഇത് സഹായകമാകും.

4. കാലിത്തീറ്റ എങ്ങനെയാണ് നൽകേണ്ടത്?

കാലിത്തീറ്റ വെള്ളത്തിൽ ചേർത്ത് നൽകരുത്. പെലറ്റ് കാലിത്തീറ്റ നേരിട്ടു കന്നുകാലികൾക്ക് നൽകുകയും അതിനുശേഷം ആവശ്യാനുസരണം വെള്ളം നൽകുകയുമാണ് ചെയ്യേണ്ടത്. തീറ്റ രണ്ടോ മൂന്നോ പ്രാവശ്യമായി നൽകുകയാണ് ഏറ്റവും നല്ലത്.

5. പൂപ്പൽ ബാധിച്ച കാലിത്തീറ്റ കന്നുകാലികൾക്ക് കൊടുക്കാമോ?

പൂപ്പൽ ബാധിച്ച കാലിത്തീറ്റ യാതൊരു കാരണവശാലും കന്നുകാലികൾക്ക് കൊടുക്കരുത്.

6. കാലിത്തീറ്റയിൽ ചേർക്കുന്ന പ്രധാന ചേരുവകകൾ ഏതെല്ലാമാണ്?

അരി തവിട് (എണ്ണമയമുള്ളത്) അരി തവിട് (എണ്ണമയമില്ലാത്തത്), മക്ക ചോളം, പരുത്തിക്കുരു പിണ്ണാക്ക്, കൊപ്രാ പിണ്ണാക്ക്, കടുകിൻ പിണ്ണാക്ക്, മൊളാസ്സസ്സ്, കാത്സ്യം പൊടി, ഉപ്പ് തുടങ്ങിയവ.

7. കൂടുതൽ കൊഴുപ്പ് ഉള്ള പാൽ ലഭിക്കുവാനായി വേറെ ആഹാരങ്ങൾ നൽകേണ്ടതുണ്ടോ?

കൂടുതൽ കൊഴുപ്പ് ഉള്ള പാൽ ലഭിക്കുവാനും പശുവിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുവാൻ കഴിയുന്ന മിൽമയുടെ ഉൽപ്പന്നമാണ് ക്ഷീരസമൃദ്ധി (ബൈപാസ് ഫാറ്റ്). പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും പ്രത്യുല്പാദന പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിനും പ്രയോജനപ്പെടുന്നു. പശുവിന് പാലുൽപാദനത്തിന്റെ അളവനുസരിച്ച് 100 ഗ്രാം മുതൽ 200 ഗ്രാം വരെ പ്രസവത്തിന് 10 ദിവസം മുമ്പ് മുതൽ പ്രസവം കഴിഞ്ഞ് 90 ദിവസം വരെ നൽകേണ്ടതാണ്.